# Desabhimami
# 30 August 2018
# Kochi; Flood,House Construction

## യൂത്ത് ബ്രിഗേഡ് 9410 വീടുകൾ ശുചീകരിച്ചു

**കൊച്ചി**

പ്രളയദുരന്തത്തിൽപ്പെട്ടവരുടെ വീടുകളും വ്യാപാര സ്ഥാപനങ്ങളും സ്കൂളുകളും ആശുപത്രികളും ആരാധനാലയങ്ങളും വൃത്തിയാക്കി ഡിവൈഎഫ്ഐ യൂത്ത് ബ്രിഗേഡിന്റെ ശുചീകരണപ്രവർത്തനം അവസാനഘട്ടത്തിലേക്ക്. ഇതുവരെ 9410 വീടുകൾ യൂത്ത് ബ്രിഗേഡ് ശുചീകരിച്ചു. 60സ്കൂളുകൾ, 12 കോളേജുകൾ, 28 ആരാധനാലങ്ങൾ, 80 അങ്കണവാടികൾ, 35 ഓഡിറ്റോറിയങ്ങൾ, 250 ഓളം കിണറുകൾ എന്നിവയും ശുചീകരിച്ചു.

കണ്ണൂരിൽനിന്നും 300 അംഗ യൂത്ത് ബ്രിഗേഡും കാസർകോട്, കോഴിക്കോട് ജില്ലകളിൽനിന്ന് 200 വീതം യൂത്ത് ബ്രിഗേഡും എറണാകുളം ജില്ലയിൽ നിന്നും 1200 യൂത്ത് ബ്രിഗേഡും ആണ് ശുചീകരണ പ്രവർത്തനങ്ങൾക്കായി പറവൂർ, ആലങ്ങാട്, ആലുവ, നെടുമ്പാശേരി മേഖലയിൽ വീണ്ടും രംഗത്തിറങ്ങിയത്.



കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടിയിൽ യൂത്ത് ബ്രിഗേഡ് നടത്തിയ ശുചീകരണം

കോതമംഗലം താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങളിൽ ഡിവൈഎഫ്ഐ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി, പിണ്ടിമന പഞ്ചായത്തിലെ ഭൂതത്താൻകെട്ട്, കീരംപാറ പഞ്ചായത്തിലെ വെളിയേൽച്ചാൽ കൂരികുളം, കോതമംഗലം നഗരസഭയിലെ ജവഹർകോളനി, കവളങ്ങാട് പഞ്ചായത്തിലെ നേര്യമംഗലം, ആവോലിച്ചാൽ, പോത്താനിക്കാട് പഞ്ചായത്തിലെ ചാലിക്കകടവ്, പൈങ്ങോട്ടൂർ പഞ്ചായത്തിലെ കടവൂർ, പല്ലാരിമംഗലം പഞ്ചായത്തിലെ കൂറ്റൻവേലി, വാരപ്പെട്ടി പഞ്ചായത്തിലെ വിവധ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ദുരിതാശ്വാസ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. താലൂക്കിലെ അഞ്ഞൂറോളം വീടുകൾ ഡിവൈഎഫ്ഐ പ്രവർത്തകർ ശുചീകരിച്ചു. ലൈബ്രറികളും, പൊതു സ്ഥാപനങ്ങളും, കിണറുകളും പ്രവർത്തകർ ശുചീകരിച്ചു. ഡിവൈഎഫ്ഐ കേന്ദ്ര കമ്മറ്റി അംഗം എസ് സതീഷ്, ആന്റണി ജോൺ എംഎൽഎ, സിപിഐ എം കോതമംഗലം ഏരിയ സെക്രട്ടറി ആർ അനിൽകുമാർ, കവളങ്ങാട് ഏരിയ സെക്രട്ടറി ഷാജി മുഹമ്മദ്, ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റി അംഗങ്ങളായ എ എ അൻഷാദ്, പി ആർ പ്രതീഷ്, കെ പി ജയകുമാർ, ഇ എ സുഭാഷ്, ബ്ലോക്ക് ഭാരവാഹികളായ ജെയ്സൺ ബേബി, ഷിജോ എബ്രാഹം, ആദർശ് കുര്യാക്കോസ്, അഭിലാഷ് രാജ് എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

പറവൂർ, ആലങ്ങാട്, ആലുവ, നെടുമ്പാശേരി മേഖലയിൽ തൊ...

...ട്ടക്കാട്ടുകര, ചെങ്ങമനാട് തുരുത്ത്, നെടുമ്പാശേരി അത്താണി, പാലിയം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പാലിയം എൽപി സ്കൂൾ, കിഴക്കുപുറം കോളനി, തോപ്പ് വീടുകൾ, കൊറ്റാൽ കോളനി, പുത്തൻവേലിക്കരയിലെ നിരവധി അങ്കണവാടികൾ എന്നിവ യൂത്ത് ബ്രിഗേഡ് ശുചീകരിച്ചു. കേന്ദ്ര കമ്മിറ്റിയംഗം എസ് സതീഷ്, ജില്ലാ സെക്രട്ടറി അഡ്വ. കെ എസ് അരുൺകുമാർ, പ്രസിഡന്റ് പ്രിൻസി കുര്യാക്കോസ്, സംസ്ഥാന കമ്മിറ്റിയംഗളായ എൻ അനൂപ്, എം വി രാജീവൻ, പി ബി രതീഷ്, എ ഡി സുജിൽ, രാജീവ് സക്കറിയ, എ പി പ്രനിൽ, കെ വി അനിൽകുമാർ, സജി ജോർജ്, അഡ്വ. ലെറ്റീഷാ ഫ്രാൻസിസ്, എം കെ സിജു, അഡ്വ. മനീഷാ രാധാകൃഷ്ണൻ, എൽ ആദർശ്, കെ എസ് സനീഷ്, എ സി ഷാൻ, കെ എസ് സുനീഷ് , വി യു ശ്രീജിത്ത്, വി എസ് ശ്രീജിത്ത് എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണം നടക്കുന്നത്. ശുചീകരണത്തിന് യൂത്ത് ബ്രിഗേഡിന്റെ സേവനം ആവശ്യമുള്ളവർ ജില്ലാ സെന്റർ-9061858430, ആലങ്ങാട്-9497280985, നെടുമ്പാശേരി-9846676160, പറവൂർ-9847333020, 9947670903, ആലുവ-9847714491 എന്നീ നമ്പ...

...ണങ്ങളും ബ്ലീച്ചിങ് പൗഡറും ലേ... ഷനുകളുമായിട്ടാണ് ഡിവൈ... ഫ്ഐ പ്രവർത്തകർ ശുചീക... ണത്തിനായി എത്തിയത്. 31 വ... ഡിവൈഎഫ്ഐ നേതൃത്വത്തി... പ്രളയ ദുരിതമേഖലകളിൽ തീ... ശുചീകരണം തുടരുമെന്ന് അഡ്... കെഎസ് അരുൺകുമാർ പറഞ്ഞ...